**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചേർത്തല സ്റ്റാൻഡ് വഴിയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ റൂട്ട് ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ഭാഗത്ത് നിന്ന് തിരുവനന്തപുരത്തേക്ക് വരുന്ന കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസുകൾ ചേർത്തല ബസ് സ്റ്റാൻഡിൽ കയറാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ദീർഘദൂര യാത്രക്കാരുടെ സൗകര്യാർത്ഥം സൂപ്പർ ഫാസ്റ്റ് ബസുകൾ LS1, LS2 എന്നീ രണ്ട് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ LS2 സർവീസുകൾ ചേർത്തല ബസ് സ്റ്റാൻഡിൽ കയറി പോകേണ്ടവയാണ്. എന്നാൽ രാത്രി 08.00 മണിയ്ക്ക് ശേഷം LS1, LS2 എന്ന വേർതിരിവ് ഇല്ലാതെ എല്ലാ സർവീസുകളും ബസ് സ്റ്റേഷനുകളിൽ പ്രവേശിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ചേർത്തല റെയിൽവേ സ്റ്റേഷൻ വഴി സ്ഥിരമായി ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളുടെ റൂട്ട് മാറ്റിയതിനാൽ വൈകുന്നേരം ആറ് മണി മുതൽ എട്ട് മണിവരെയുള്ള സമയങ്ങളിൽ യാത്രക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിരമായി കെ.എസ്.ആർ.ടി.സി. ബസുകൾ സർവീസ് നടത്തിയിരുന്നത് മനോരമ കവല, ശക്തീശ്വരം, ഒറ്റപ്പുന്ന വഴിയാണ്. ഈ റൂട്ടിലെ ഇരുമ്പുപാലം വാഹനഗതാഗതത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുടെ നിർദ്ദേശാനുസരണമാണ് ഓർഡിനറി ബസ്സുകൾ ഉൾപ്പെടെയുള്ളവ റെയിൽവേ സ്റ്റേഷൻ വഴി ഏഴ് കിലോമീറ്റർ ദൂരം അധികമായി ഓടി സർവീസ് നടത്തിയിരുന്നത്. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയ സെന്റ് മേരീസ് പാലം തുറന്നതോടെ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യപ്രകാരവും താലൂക്ക്, ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി തീരുമാനപ്രകാരം മനോരമ കവല, ശക്തീശ്വരം, ഒറ്റപ്പുന്ന വഴി ഓർഡിനറി സർവീസുകൾ മാത്രം പുനഃസ്ഥാപിച്ചിരുന്നു. ഓർഡിനറി സർവീസുകൾ റെയിൽവേ സ്റ്റേഷൻ വഴി സർവീസ് നടത്താത്തത് മൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി വേളോർവട്ടം ക്ഷേത്രത്തിന് സമീപത്ത് നിന്ന് ഇടത്തേയ്ക്ക് തിരിഞ്ഞ് റെയിൽവേ സ്റ്റേഷൻ വഴി ഓർഡിനറി സർവീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ